# Mathrubhumi

# 23 August 2018

# Angamaly, After Flood, Relief Items

## നാടിനുവേണ്ടി കൈകോർത്ത് 5,000 സേവാഭാരതി പ്രവർത്തകർ



പ്രളയം ബാധിച്ച കുടുംബങ്ങൾക്ക് എത്തിക്കുന്നതിനായി വേങ്ങൂർ പുഷ്പാഞ്ജലി ഹാളിൽ സമാഹരിച്ചിട്ടുള്ള സാധനങ്ങൾ

**അങ്കമാലി ▸** പ്രളയത്തിൽ സർവതും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്ന തിരക്കിലാണ് സേവാഭാരതി പ്രവർത്തകർ. ജില്ലയിൽ പ്രളയം കൂടുതൽ ബാധിച്ച ആലുവ മേഖലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നു മടങ്ങിയവർക്ക് സാധനങ്ങൾ വീടുകളിൽ എത്തിച്ചുനൽകുന്ന ജോലിയിലാണ് സേവാഭാരതിയുടെ 5,000 പ്രവർത്തകർ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമെല്ലാം സാധനങ്ങൾ എത്തിക്കുന്നുണ്ട്. ഇവയെല്ലാം ശേഖരിക്കുന്നത് അങ്കമാലി വേങ്ങൂർ ദുർഗാദേവീ ക്ഷേത്രത്തിലെ പുഷ്പാഞ്ജലി ഹാളിലാണ്. വേങ്ങൂരിൽ ശേഖരിക്കുന്ന സാധനങ്ങൾ സേവാഭാരതി പ്രവർത്തകർ പ്രളയം ബാധിച്ച ഇടങ്ങളിൽ എത്തിച്ച് വിതരണം ചെയ്യുകയാണ്. വേങ്ങൂരിൽ സാധനങ്ങൾ ഇറക്കുന്നതിനും തരംതിരിക്കുന്നതിനും മാത്രമായി അഞ്ഞൂറോളം പ്രവർത്തകരുണ്ട്. മറ്റുള്ളവർ ആലുവ മേഖലയിൽ വിവിധ ഇടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മുംബൈ, സേലം, ചെന്നൈ, കോയമ്പത്തൂർ, ബെംഗളൂരു എന്നിവിടങ്ങളിൽ നിന്നെല്ലാം സാധനങ്ങൾ വേങ്ങൂരിൽ എത്തിക്കുന്നുണ്ട്. വീട് ശുചീകരണത്തിനാവശ്യമായ സാധനങ്ങൾ, അരി, പലവ്യഞ്ജനങ്ങൾ, വസ്ത്രങ്ങൾ, ബിസ്കറ്റ്, ബ്രെഡ്, കുട്ടികൾക്കാവശ്യമായ പോഷകാഹാരങ്ങൾ, മരുന്നുകൾ തുടങ്ങിയവയാണ് എത്തിക്കുന്നത്. വേങ്ങൂരിലേക്ക് നാല് കണ്ടെയ്നർ, 20 ലോറി, 10 ട്രക്ക്, അഞ്ച് പിക്ക്-അപ് വാൻ എന്നീ വാഹനങ്ങളിൽ സാധനങ്ങൾ എത്തിച്ചിട്ടുണ്ട്. ഈ സാധനങ്ങൾ ആലുവ, ചെറായി, പറവൂർ, അങ്കമാലി, കളമശ്ശേരി മേഖലകളിൽ പ്രളയം ബാധിച്ച ഭാഗങ്ങളിൽ എത്തിച്ചുനൽകുകയാണ്. തിങ്കളാഴ്ച വൈകീട്ടാണ് വേങ്ങൂരിൽ കളക്ഷൻ സെൻറർ പ്രവർത്തനമാരംഭിച്ചത്. ചൊവ്വാഴ്ച വിതരണം ആരംഭിച്ചു. രണ്ട് ദിവസം കൂടി വിതരണം തുടരും. വേങ്ങൂരിനു പുറമെ എറണാകുളം, മൂവാറ്റുപുഴ എന്നിവിടങ്ങളിലും കളക്ഷൻ സെൻറർ പ്രവർത്തിക്കുന്നുണ്ട്.